# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ജി.എം.എൽ.പി.എസ് താനൂർ നോർത്ത്

# ജി. എം. എൽ. പി. സ്കൂൾ

## താനൂർ നോർത്ത്

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിലെ താനൂർ ഉപജില്ലയിലെ താനൂർ നഗരസഭയിൽ എളാരം കടപ്പുറം തീരപ്രദേശത്താണ് ജി. എം. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1912 ൽ താനൂർ നോർത്ത് ജി. എം. എൽ. പി. സ്കൂൾ സ്ഥാപിതമായത്. താനൂർ പ്രദേശത്തിന്റെ സാമൂഹ്യ സാംസ്കാരിക പുരോഗതിക്ക് അടിത്തറ പാകാൻ താനൂർ നോർത്ത് ജി.എം.എൽ.പി. സ്കൂൾ എന്ന സർക്കാർ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. നൂറ് ശതമാനം മത്സ്യത്തൊഴിലാളികളുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിച്ചു വരുന്നത്. സമീപ പ്രദേശങ്ങളിലെ മറ്റു വിദ്യാലയങ്ങളെക്കാളും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അഞ്ച് വർഷങ്ങൾക്ക് മുമ്പ് കുട്ടികൾ കുറവായതിന്റെ പേരിൽ അടച്ചു പൂട്ടൽ ഭീഷണി നേരിട്ട ഈ വിദ്യാലയം ജനകീയ ഇടപെടലിലൂടെയാണ് പുരോഗതി പ്രാപിച്ചത്. പാഠ്യ പാഠ്യേതര രംഗങ്ങളിൽ വലിയ തോതിലുള്ള വളർച്ചയാണ് സമീപ കാലങ്ങളിൽ ഈ വിദ്യാലയം നേടിയിട്ടുള്ളത്. സ്കൂളിന്റെ ദൈനംദിന പുരോഗതിക്കായി മഹിത പിന്തുണ നൽകാൻ ഓരോ കാലങ്ങളിലും അധ്യാപക രക്ഷാകർതൃ സമിതിക്കും നാട്ടുകാർക്കും സാധിച്ചിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.

- ഓരോ ഘട്ടം പൂർത്തിയാവുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളുടക്കമുള്ള സമൂഹത്തെ അറിയിക്കും

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബിക് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.

- സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കും.

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

- ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.

ഭാഷ : മലയാളം

പ്രവർത്തനം : 1

പേര് : അക്ഷരച്ചെപ്പ് (വായനാ കോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി |
| | | | |

പ്രവർത്തനം : 2

പേര് : ലൗഡ് സ്പീക്കർ

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കുവാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരുകുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 3

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, ലൈബ്രേറിയൻ |

പ്രവർത്തനം : 4

പേര് : കഥോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായിച്ചു കേട്ടാസ്വദിച്ച കഥകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നതിന്. | ആഴ്ചയിലൊരിക്കൽ സർഗ്ഗവേളകളിൽ കഥകൾ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ വർഷം മുഴുവൻ | ക്ലാസ് ടീച്ചർമാർ |

പ്രവർത്തനം : 5

പേര് : രചനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു. | വ്യവഹാര രൂപങ്ങൾ മറ്റു രൂപത്തിലേക്ക് മാറ്റി എഴുതുക | സന്ദർഭത്തിനനുസരിച്ച് | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 6

പേര് : പ്രസംഗപീഠം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്വതന്ത്ര ഭാഷണത്തിനുള്ള അവസരം ഒരുക്കുന്നു. | ഇഷ്ടമുള്ള വിഷയത്തെ കുറിച്ച് കുറഞ്ഞ വാക്കുകളിൽ സ്വതന്ത്ര ഭാഷണം നടത്തുന്നു. (ജനറൽ അസംബ്ലി) | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ |

## ഇംഗ്ലീഷ്

### പ്രവർത്തനം : 1 ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിനം | ഇംഗ്ലീഷ് ക്ലബ് |

### പ്രവർത്തനം: 2 വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ മുഴുവൻ കുട്ടികൾക്കും [illegible] വിജ്ഞാനം നേടുക. | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ആഗസ്റ്റ് | എല്ലാ അധ്യാപകരും. |

### പ്രവർത്തനം: 3: സ്പെൽ ബീ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലെ പദസമ്പത്ത് [illegible] വർധിപ്പിക്കുക [illegible]. | ഓരോ യൂണിറ്റിലും ഓരോ Narrationനു ശേഷവും New words കണ്ടെത്തി spelling പഠിക്കുന്നു. | ഓരോ ആഴ്ചയിലും | ക്ലാസ് ടീച്ചർ |

ഗണിതം:

പ്രവർത്തനം: 1 ഗണിതമൂല

ഉപമേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്. | മുഴുവൻ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ) | | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 2 യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല: യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ യൂണിറ്റിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പരിസര പഠനം.

പേര്: ശാസ്ത്ര പഠനോപകരണശില്പശാല.

| ലക്ഷ്യം: | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുന്ന വിധം ശില്പശാലകൾ സംഘടിപ്പിക്കുക. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ |
| **ശാസ്ത്ര പരീക്ഷണം** | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | വിവിധ പരീക്ഷണങ്ങൾ നടത്തി പരീക്ഷണക്കുറിപ്പ് എഴുതുന്നു. | സെപ്തംബർ - നവംബർ | സയൻസ് ക്ലബ്, ക്ലാസ് ടീച്ചർ |
| **അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം.** | | | |
| സസ്യങ്ങൾ പരിപാലിക്കുന്നതിൽ താല്പര്യം വളർത്തുക. പ്രകൃതിയെ സംരക്ഷിക്കുക. | സ്കൂൾ അടുക്കളത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം വളർത്തുക, പരിപാലിക്കുക. | ജൂൺ - മാർച്ച് | |

# വിവര സാങ്കേതിക വിദ്യ.

പ്രവർത്തനം 1 വിവര സാങ്കേതിക വിദ്യയിൽ പരിശീലനം.

ഉപമേഖല: അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | PSITC |

പ്രവർത്തനം 2. ഐ.ടി. ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം, | ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | June - August | PSITC |

പ്രവൃത്തി പരിചയം

പേര്: പ്രവൃത്തി പരിചയ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. eg: ചന്ദനത്തിരി, പാവ, ചോക്ക് etc; | സെപ്തംബർ | ക്ലാസ്ടീച്ചർ |
| നിർമ്മാണത്തിൽ മികവുകൾ വികസിപ്പിക്കൽ | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം | ജൂൺ - മാർച്ച് | |

സർഗവേദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക. | എല്ലാ ക്ലാസിലും സർഗവേദി നടപ്പാക്കൽ. | എല്ലാ ആഴ്ചയിലും | ക്ലാസ്ടീച്ചർ |
| ഓരോ കുട്ടിക്കും [illegible] പരിശീലനപരിപാടികൾ ഒരുക്കുക. | കലാപഠനം, നൃത്തം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് | June March | SRG |

ആരോഗ്യം, കായികം.

പേര്: കായികാരോഗ്യം.

| ലക്ഷ്യം: | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് അത്‌ലറ്റിക്സ് പരിശീലനം | ജൂൺ - മാർച്ച് | HM SRG PTA |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസര | PT പീരിയഡിൽ ഫിസിക്കൽ എക്സൈസ് ഗെയിംസ് എന്നിവ | ജൂൺ - മാർച്ച് | SRG. |

## സാമൂഹികാവബോധം

പേര്: അതിഥിയെ അറിയൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ...ചർച്ച, ...സംവാദം ...അഭിമുഖങ്ങൾ ...വഴിയിലൂടെ ...മൂഹികമായ ...റിവുകൾ നേടുക | പ്രാദേശികമായി ലഭ്യമായ ആളുകളു-മായി അഭിമുഖത്തിന് അവസരമൊരുക്കൽ | സന്ദർഭോ ചിതമായി | ക്ലാസ് ടീച്ചർ |

പേര്: ഫീൽഡ് ട്രിപ്പ്

| ലക്ഷ്യം: | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ...മൂഹത്തിൽ ...ന്നോട്ട് പോകാൻ ...ഹായകമാകുന്ന സാമൂഹ്യ ...ാപനങ്ങളുടെ ...ധാന്യം തിരിച്ചറി ...യുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, റെയിൽവേ സ്റ്റേഷൻ, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായ വയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | HM<br>SRG<br>PTA |

# അറബിക് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു ദിനം ഒരു അറിവ് പദ്ധതി | വാട്സാപ്പ് ഗ്രൂപ്പിലൂടെ എല്ലാ ദിവസവും ഒരു ബോധ്യവും ഇത്തരം നൽകുന്നു. | ജൂൺ to മാർച്ച് | അറബിക് അധ്യാപകർ |
| ഒരു ദിനം ഒരു വാക്ക് | വാട്സാപ്പ് ഗ്രൂപ്പിലൂടെ എല്ലാ ദിവസവും ഒരു വാക്ക് വ്യത്യസ്ത ഭാഷയിൽ നൽകുക മലയാളം, ഇംഗ്ലീഷ് അറബിക് | ആഗസ്റ്റ് ↓ മാർച്ച് | അധ്യാപകർ |
| അറബിക് ലൈബ്രറി ശാക്തീകരണം വായന പ്രോത്സാഹിപ്പിക്കുക. | അറബിക് പുസ്തകങ്ങൾ ശേഖരിക്കൽ കഥ കവിത ലേഖനം മുതലായവ അറബിക് വായന കോർണർ സ്ഥാപിക്കുക | ജൂൺ \| നവംബർ | അധ്യാപകർ കുട്ടികൾ |

| | | | |
|---|---|---|---|
| കയ്യെഴുത്ത് മാഗസിൻ | അറബിയിൽ കഥയും കവിതയും ലേഖനവും എഴുതി ഒരു കയ്യെഴുത്ത് മാഗസിൻ പ്രസിദ്ധീകരിക്കാം | ജനുവരി \| മാർച്ച് | അധ്യാപകർ കുട്ടികൾ |
| പ്രതിഭകളെ കണ്ടെത്താം | ദിനാചരണ അനുബന്ധം പോസ്റ്റർ തയ്യാറാക്കുക. പ്രതിഭകളെ കണ്ടെത്താൻ വിവിധ മത്സരങ്ങൾ നടത്താം | ജൂൺ ↓ മാർച്ച് | അധ്യാപകർ |
| ആസ്വാദനം | ഐടി സാധ്യതകൾ ഉപയോഗിച്ച് കഥ കവിത ആനിമേഷൻ ഫിലിം പ്രദർശനം | ജൂൺ \| ഡിസംബർ | അധ്യാപകർ |